## എം. അബു മൗലവി



**തിരൂർക്കാട്** പ്രാദേശിക ജമാഅത്തിലെ മേലേടത്ത് അബുമൗലവി (80) നിര്യാതനായി. പരമ്പരാഗത രീതിയിലുള്ള പള്ളിദർസ് പഠനം നേടിയ അദ്ദേഹം പ്രസ്ഥാന പ്രവർത്തന രംഗത്ത് മുന്നിലായിരുന്നു. വാർധക്യവും രോഗവും കാരണം ക്ഷീണിതനായപ്പോഴും ഓട്ടോറിക്ഷയിൽ വാരാന്ത യോഗങ്ങളിൽ മുടക്കം കൂടാതെ എത്തിച്ചേരാൻ അദ്ദേഹം ശ്രദ്ധിച്ചു. നർമരസം കലർന്ന നിരൂപണവും അന്വേഷണങ്ങളും അദ്ദേഹത്തെ ജനപ്രിയനാക്കി. യോഗങ്ങളിലും പഠനക്ലാസുകളിലുമുള്ള അബു മൗലവിയുടെ സാന്നിധ്യം സദസ്യർക്ക് ആവേശമായിരുന്നു. ജീവിത വിശുദ്ധിയിലും ലാളിത്യത്തിലും മാതൃക കാണിച്ചു. ഭാര്യ ഹലീമ നേരത്തെ മരണപ്പെട്ടിരുന്നു. ഏക മകൻ ഈസാ അനീസ് എസ്.ഐ.ഒവിന്റെ സജീവ പ്രവർത്തകനായിരുന്നു. ബുഷ്‌റാബി, റശീദ, ബഹ്ജ, സഹ്‌ല എന്നിവർ മക്കളാണ്.

**ടി. അബ്ദുർറഹ്മാൻ**

## സി.കെ അബൂബക്കർ

**ചൊക്ലിക്കടുത്ത** പാറാലിലെ സി.കെ അബൂബക്കർ(72) നവംബർ 14-ന് അല്ലാഹുവിലേക്ക് യാത്രയായി.

കവിയൂരിലെ ചെങ്ങണോത്ത് പ്രസ്ഥാന കുടുംബത്തിലാണ് അദ്ദേഹത്തിന്റെ ജനനം. കുട്ടിക്കാലം മുതലേ ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെട്ടിരുന്ന അദ്ദേഹം ജമാഅത്തെ ഇസ്‌ലാമി പാറാൽ ഹൽഖയിലെ കാർകൂനായിരുന്നു. മുമ്പ് വയനാട്ടിലെ ചുണ്ടേലിലും സജീവമായി പ്രവർത്തിച്ചിരുന്നു. പിന്നീട് കുവൈത്തിൽ കേരള ഇസ്‌ലാമിക് ഗ്രൂപ്പിന്റെ (കെ.ഐ.ജി) മുൻനിര പ്രവർത്തകനായി. കുവൈത്തിലെ ഫഹാഹീൽ, നാദി ഫഹാഹീൽ തുടങ്ങിയ പ്രദേശങ്ങളിലെല്ലാം കെ.ഐ.ജി പ്രവർത്തനം കരുപ്പിടിപ്പിക്കുന്നതിൽ അദ്ദേഹം പങ്ക് വഹിച്ചിരുന്നു. അദ്ദേഹം കൂടി പങ്കാളിയായ 'ഡ്രസ്‌ലാന്റ്' (ഫഹാഹീൽ) ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സമ്പർക്ക കേന്ദ്രം കൂടിയായിരുന്നു. 1990-ന് ശേഷം നാട്ടിലെ പ്രവർത്തനങ്ങളിൽ ആവേശപൂർവം ഭാഗഭാക്കായിരുന്നു. കവിയൂർ, ചൊക്ലി, പെരിങ്ങാടി, പാറാൽ തുടങ്ങിയ പ്രദേശങ്ങളിലെ പ്രസ്ഥാന പരിപാടികളിലും സംരംഭങ്ങളിലും അദ്ദേഹത്തിന്റെ പങ്കാളിത്തവും സാന്നിധ്യവും മറക്കാനാവാത്ത അനുഭവമാണ്. പെരിങ്ങാടി ജംഇയ്യത്തുൽ ഫലാഹ് ട്രസ്റ്റിന്റെ സ്ഥാപക മെമ്പർമാരിൽ ഒരാളായ സി.കെ അൽഫലാഹിന്റെ പ്രവർത്തനങ്ങളിലെല്ലാം പങ്ക് വഹിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ പ്രതിസന്ധികളിൽ അദ്ദേഹം നൽകിയ പിന്തുണ വളരെ വലുതാണ്.

ചൊക്ലിയിലെ അൽഹുദാ മസ്ജിദ്, കവിയൂരിലെ ജുമുഅത്ത് പള്ളി, മദ്റസ തുടങ്ങിയവയുടെ കാര്യങ്ങളിലെല്ലാം ഗുണകാംക്ഷാപൂർവം സഹകരിക്കാറുണ്ടായിരുന്നു. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സംരംഭങ്ങൾ വിജയിച്ച് കാണാനുള്ള ഉൾക്കടമായ അഭിലാഷം സംസാരങ്ങളിൽ നിറഞ്ഞു നിന്നിരുന്നു.

ദീനീ നിഷ്ഠയും ദാനധർമങ്ങളിലുള്ള താൽപര്യവും അദ്ദേഹത്തിന്റെ അനുകരണീയ ഗുണങ്ങളാണ്. ഭാര്യ സഈദയും മക്കളായ ഇ.വി അമീൻ, നഈം, മുബീൻ, മുനീറ, ഹസീന എന്നിവരും ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സഹകാരികളാണ്.

**പി.പി അബ്ദുർറഹ്മാൻ, പെരിങ്ങാടി**

## പി. സുബൈദ



**വളാഞ്ചേരിയിൽ** പ്രസ്ഥാനത്തിന്റെ വനിതാ പ്രവർത്തന രംഗത്തെ സജീവ സാന്നിധ്യമായിരുന്നു നവംബർ 5-ന് അന്തരിച്ച പി. സുബൈദ(47).

പട്ടാമ്പിക്കടുത്ത കാരക്കാട്ട് യാഥാസ്ഥിതിക കുടുംബത്തിൽ ജനിച്ച അവർ വിവാഹം കഴിഞ്ഞ് വളാഞ്ചേരിയിലെത്തുന്നതോടെയാണ് ഇസ്‌ലാമിക പ്രസ്ഥാനത്തെ അടുത്തറിയുന്നത്. കുടുംബം യാഥാസ്ഥിതികമായിരുന്നെങ്കിലും ഭർത്താവിന്റെ പ്രാസ്ഥാനിക ബന്ധം ഇസ്‌ലാമിക പ്രസ്ഥാനത്തെ മനസ്സിലാക്കുന്നതിനും സജീവ പ്രവർത്തകയാകുന്നതിനും അവർക്ക് പ്രചോദനമായി. നീണ്ട കാലം ഹൽഖാ നാസിമത്തായും പത്തു വർഷം ഏരിയാ സെക്രട്ടറിയായും പ്രവർത്തിച്ചു. അർബുദ രോഗത്തിനടിപ്പെടുന്നതു വരെയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നു. സൗമ്യമായ പെരുമാറ്റംകൊണ്ട് സഹപ്രവർത്തകരുടെ സ്നേഹാദരവുകൾ പിടിച്ചു പറ്റാൻ അവർക്കായി. രോഗത്തിന്റെ കാഠിന്യത്തിൽ പോലും അടുത്ത മുറികളിൽ കിടന്നിരുന്ന രോഗികളെ സന്ദർശിക്കാൻ അവർ ഉത്സാഹം കാണിച്ചിരുന്നു.

**ഉമ്മു അനസ് വളാഞ്ചേരി**

## കെ. കുഞ്ഞിപ്പോക്കർ



**മലപ്പുറം** ജില്ലയിലെ വടക്കാങ്ങര പ്രാദേശിക ജമാഅത്തിലെ അംഗമായിരുന്ന കാളാവ് കാരിയാട്ട് കുഞ്ഞിപ്പോക്കർ സാഹിബ് (80) 22.11.'07-ന് നിര്യാതനായി.

കണ്ണൂർ, മലപ്പുറം ജില്ലകളിലെ വിവിധ സ്ഥലങ്ങളിൽ ടാപ്പിംഗ് ജോലി എടുത്താണ് അദ്ദേഹം കുടുംബം പുലർത്തിയിരുന്നത്. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായിരുന്നിട്ടും മക്കളെ ഇസ്‌ലാമിക കലാലയങ്ങളിൽ പഠിപ്പിക്കാൻ ജാഗ്രത പുലർത്തി. ചുറ്റുപാടുകൾ പ്രതികൂലമായിരുന്നിട്ടും പ്രസ്ഥാന പാതയിൽനിന്ന് അണുഅളവും അദ്ദേഹം പിന്നോട്ട് പോയില്ല. മാത്രമല്ല, എല്ലാവരുടെയും സ്നേഹാദരങ്ങൾ പിടിച്ചു പറ്റുകയും ചെയ്തു.

**കെ. അബൂബക്കർ വടക്കാങ്ങര**

*പരേതരെ അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.*